A Cipla INITIATIVE

breathefree

# ടഫീസ്

നമുക്ക് ധൻ ത ഡാ മിനു പോകാം!!!

ഇന്ത്യയിലെ ശിശുരോഗ വിദഗ്ധരുമായി സഹകരിച്ചു നിർമിച്ചത്

## ട്രോഫി അപ്രത്യക്ഷമാകുന്ന കഥ!

### രഹസ്യം നമ്പർ 3




കുറിപ്പ്: ചിത്രീകരിച്ചിരിക്കുന്ന കഥ സാങ്കൽപ്പികമായ കേസിനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇവിടെ പ്രതിനിധാനം ചെയ്യുന്ന കഥാപാത്രങ്ങളും സംഭവങ്ങളും തികച്ചും സാങ്കൽപ്പികമാണ്, മാത്രമല്ല ഇത് ചിത്രീകരണ ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്, യഥാർത്ഥ രോഗിയുടെതല്ല.

# മീറ്റ് ദി ടഫീസ്

കുട്ടികളിൽ മികച്ച ശ്വാസകോശ പരിചരണം പ്രോത്സാഹിപ്പിക്കുന്നതിനാണ് ടഫീസ് സംരംഭം. ആസ്ത്മ പോലുള്ള വിട്ടുമാറാത്ത ശ്വാസകോശ സംബന്ധമായ അസുഖങ്ങളുള്ള കുട്ടികളെ അവരുടെ സാഹചര്യത്തെ മറികടക്കാൻ പ്രചോദിപ്പിക്കുന്നതിലൂടെയും, അവരെ സഹായിക്കാൻ അവരുടെ മാതാപിതാക്കളെ ശാക്തീകരിക്കുന്നതിലൂടെയും - കുട്ടികളെ അവരുടെ മുഴുവൻ കഴിവുകളും നേടുന്നതിൽ നിന്ന് ആസ്ത്മ തടയാത്ത ഒരു ലോകം സൃഷ്ടിക്കാൻ ടഫീസ് പ്രതിജ്ഞാബദ്ധമാണ്.

അതിനാൽ സ്ട്രോങ്ങായിരിക്കുക, ഈസിയായി ശ്വസിക്കുക, ധൻ-ത-ഡാ ജീവിതം നയിക്കുക!



## വിക്കി

വന്യമായ ഭാവനയും ഡിറ്റക്ടീവ് നോവലുകളോട് അഭിനിവേശവുമുള്ള ആസ്ത്മ ബാധിച്ച 8 വയസ്സുകാരൻ വിക്കിയെ പരിചയപ്പെടൂ! വിലാസ്പൂരിൽ താമസിക്കുന്ന അവൻ തന്റെ പ്രിയപ്പെട്ട ജാസൂസ് തലാഷിനെപ്പോലെ ലോകത്തിലെ ഏറ്റവും മികച്ച കുറ്റാന്വേഷകനാകാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഒരു പ്രശ്നം മാത്രമേയുള്ളൂ - അവൻ ക്ഷീണിതനാവുമ്പോഴോ സമ്മർദ്ദത്തിലായിരിക്കുമ്പോഴോ ആസ്ത്മ അറ്റാക്ക് വരുമോ എന്ന ആശങ്കയിലായിരിക്കുമ്പോഴോ, കേസുകൾ പരിഹരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവന് ബുദ്ധിമുട്ടാണ്. ഭാഗ്യവശാൽ, തന്റെ സുഹൃത്തുക്കളുടെയും കൂട്ടാളി പഫിയുടെയും സഹായത്തോടെ . 'ടഫ്' ആയി തുടരാനും ട്രാക്കിൽ തിരിച്ചെത്താനും അവനറിയാം!



## മിനി

വിക്കിയുടെ സുന്ദരിയും ഭയരഹിതയുമായ 5 വയസ്സുള്ള സഹോദരി മിനിയെ പരിചയപ്പെടൂ! അവൾ കുശാഗ്ര ബുദ്ധിയുള്ളവളും നിഗൂഢതകൾ പരിഹരിക്കാൻ സഹോദരനെ സഹായിക്കാൻ എപ്പോഴും താത്പര്യമുള്ളവളുമാണ്. അവൾ ചെറുപ്പമാണെങ്കിലും, മിനിക്ക് ധൈര്യമുണ്ട്, ഒപ്പം വിക്കിയെ നിർഭയനും ശക്തനുമാക്കാൻ പ്രചോദിപ്പിക്കുന്നു. ഒരുമിച്ച്, അവർ ഏറ്റവും കഠിനമായ കേസുകൾ ഏറ്റെടുക്കുകയും ആവേശകരമായ സാഹസികതകൾ നടത്തുകയും ചെയ്യുന്നതിനാൽ അവരെ ആർക്കും തടഞ്ഞുനിർത്താനാവില്ല.



## ഗുല്ലു

വിക്കിയുടെ വലുതും ശക്തനും ചിലപ്പോൾ വിചിത്രസ്വഭാവവമുള്ള സുഹൃത്തായ ഗുല്ലുവിനെ പരിചയപ്പെടൂ. നിഗൂഢതകൾ പരിഹരിക്കാൻ വിക്കിയുടെയും മിനിയുടെയും കൂടെ അവരുടെ സാഹസികതയിൽ പങ്കുചേരാൻ അവൻ ഇഷ്ടപ്പെടുന്നു. ചിലപ്പോൾ അവന്റെ വികൃതി ടീമിനെ കുഴപ്പത്തിലാക്കുന്നു, പക്ഷേ അവന്റെ ശക്തി പലപ്പോഴും അവരുടെ ദിവസം രക്ഷപ്പെടുത്തുന്നു.



## മിസ്റ്റർ. പഫി

വിക്കിയുടെ വിശ്വസ്ത കൂട്ടാളി പഫിയെ പരിചയപ്പെടൂ. പോക്കറ്റ് വലിപ്പമുള്ള ഈ പവർഹൗസ് എപ്പോഴും വിക്കിയുടെ അരികിലുണ്ട്, അവന് ആവശ്യമായ ആത്മവിശ്വാസം നൽകാനും ഏത് വെല്ലുവിളിയും നേരിടാനും തയ്യാറാണ്. തന്റെ ടീമിൽ പഫി ഉള്ളതിനാൽ, വിക്കി ഒരു ധൻ-ത-ഡാ ജീവിതം നയിക്കുന്നതിൽ നിന്ന് ഒരു തടസ്സവുമില്ല.





ടഫീസ് ഇ-കോമിക് ബുക്ക് ഡൗൺലോഡ് ചെയ്യാൻ QR കോഡ് സ്കാൻ ചെയ്യൂ

കൂടുതൽ വിവരങ്ങൾക്ക്, ദയവായി സന്ദർശിക്കുക:
www.breathefree.com/tuffies

# ട്രോഫി അപ്രത്യക്ഷമാകുന്ന കഥ!




എന്തുപറ്റി അർജുൻ?
എന്താണ് കാണാതായത്?
റേസ് ട്രോഫി! എനിക്ക് അത് കണ്ടെത്താൻ കഴിയുന്നില്ല. അതിന്റെ ഉത്തരവാദിത്തം എനിക്കായിരുന്നു.
ജിം ടീച്ചർ അറിഞ്ഞാൽ എന്റെ ക്യാപ്റ്റൻസി നഷ്ടമായേക്കാം!
അർജുൻ നീ വിഷമിക്കേണ്ട. അത് കണ്ടെത്താൻ ഞങ്ങൾ സഹായിക്കാം.
ശരിയാ! ആ തിളങ്ങുന്ന ട്രോഫി ഇല്ലാതെ റേസ് പൂർണമാകില്ല.
നമുക്ക് ഇതിനെ 'വാനിഷിംഗ് ട്രോഫിയുടെ കേസ്' എന്ന് വിളിക്കാം.
വിക്കി ഉള്ളപ്പോൾ എന്തിനാ പേടിക്കുന്നേ!
സ്കൂൾ ഗ്രൗണ്ടിൽ.
ഭയ്യാ, ഒരു സൂചനയും ഇല്ലാതെ ഞങ്ങൾ എങ്ങനെ ട്രോഫി കണ്ടെത്തും?
നമുക്ക് സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കാം, എന്തായാലും ചില സൂചനകൾ അതിൽ കണ്ടേക്കാം.
നമുക്ക് ധൻ-ത-ഡാ ക്കു പോകാം!


സ്കൂളിലെ സിസിടിവി സർവലയൻസ് റൂമിൽ
നോക്കൂ! എല്ലാവരും ദേശീയഗാനത്തിന്റെ തിരക്കിലായിരിക്കുമ്പോൾ പച്ച ജാക്കറ്റും പർപ്പിൾ തൊപ്പിയും ധരിച്ച ആ കുട്ടി ട്രോഫിയുമായി കടന്നുകളയുന്നു!
ഹും... ഈ പർപ്പിൾ തൊപ്പി നല്ലപരിചയം തോന്നുന്നുണ്ടല്ലോ.
അവൻ എപ്പോഴും ഈ പർപ്പിൾ തൊപ്പി ധരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.
വിക്കി, ഇത് രാജ് ആണെന്ന് എനിക്ക് ഉറപ്പുണ്ട്.
ഇത് രാജ്, തന്നെയാണ് സംശയമില്ല ഭയ്യാ. അവന് ട്രോഫിക്ക് വല്ലാത്ത കൊതിയാ!
മിനിയും ഗുല്ലുവും പോയതിന് ശേഷം വിക്കി ഒരിക്കൽ കൂടി സിസിടിവി കാണുന്നു.
ഹും... ഇവിടെ ഒന്നും വരുന്നില്ല.
സ്കൂൾ ഗ്രൗണ്ടിൽ.
ഇതാ വരുന്നു പുഷ് പുഷ്. അവൻ എന്നെങ്കിലും മത്സരത്തിൽ പങ്കെടുക്കുമോ എന്നാണ് സംശയം!
നോക്കൂ, അവൻ ഉടൻ തന്നെ നിന്നെ മത്സരത്തിൽ തോൽപ്പിക്കും.
കൊള്ളാം! നിന്റെ സഹോദരി നിന്റെ പോരാട്ടം നടത്തട്ടെ.
നിനക്ക് എപ്പോഴും ഇൻഹേലർ ആവശ്യമുണ്ടോ?
ഞാൻ ശ്രമിച്ചാൽ, എനിക്ക് വേഗത്തിൽ ഓടി രാജിനെ തോൽപ്പിക്കാൻ കഴിയുമോ?
ഇല്ല, അത് അങ്ങനെ പ്രവർത്തിക്കില്ല. എന്റെ ഇൻഹേലർ വേഗത്തിൽ ഓടാനുള്ളതല്ല.
പെട്ടെന്നുള്ള അറ്റാക്കുകൾ തടയാനും ആസ്ത്മ നിയന്ത്രിക്കാനും എന്റെ ഡോക്ടർ നിർദ്ദേശിച്ച പ്രകാരം ഞാൻ ഇത് ഉപയോഗിക്കുന്നു.


മത്സരത്തിന് 1 മണിക്കൂർ മുമ്പ്.
വിക്കി, എനിക്ക് നല്ല ക്ഷീണവും വിശപ്പും ഉണ്ട്..... ട്രോഫി ഇതുവരെ കിട്ടിയിട്ടില്ല.
ഗ്രർ
അതെ ഭയ്യാ, ഒരു മണിക്കൂറിനുള്ളിൽ മത്സരം തുടങ്ങും.
നമ്മൾ എന്ത് ചെയ്യും?
ഒരു ഐഡിയ!
നമുക്കൊന്ന് രാജിന്റെ ലോക്കർ പരിശോധിച്ചാലോ.
നിങ്ങൾ രണ്ടുപേരും ലോക്കർ റൂമിലേക്ക് പോകൂ. കുറച്ചു കഴിഞ്ഞ് ഞാൻ നിങ്ങളുടെ അടുത്തേക്ക് വരാം.
എന്നിട്ട്....
പുതിയ കേസൊക്കെ. എങ്ങനെ പോകുന്നു?
പൂഫ്!
രാജ് ഒരു ശല്യക്കാരനാണ്, പക്ഷേ അവൻ തന്റെ ഇമേജിനെക്കുറിച്ച് വളരെയധികം ശ്രദ്ധിക്കുന്നു.
അവൻ ഒരു സ്റ്റാർ അത്‌ലറ്റാണ്, എല്ലായ്പ്പോഴും മത്സരത്തിൽ വിജയിക്കുന്നു. പിന്നെ എന്തിനാണ് അവൻ ട്രോഫി മോഷ്ടിക്കുന്നത്? എനിക്ക് പസിലിന്റെ ഒരു ഭാഗം മിസ്സ് ചെയ്യുന്നതുപോലെ തോന്നുന്നു.
ശാന്തമായിരിക്കൂ, എന്തെങ്കിലും വളരെ വ്യക്തമാകുമ്പോൾ മാത്രം ഉറപ്പ് വരുത്തുക.
നമ്മുടെ മന്ത്രം ഓർമ്മയുണ്ടോ?
ശ്വാസം ഉള്ളിലേക്ക് എടുത്ത് പത്ത് വരെ എണ്ണുക, ശ്വാസം വിടുക, സംശയം ഒഴിവാക്കുക.


അതെ! എനിക്ക് കിട്ടി. ഇത് തന്നെ.
ലോക്കർ റൂമിൽ.
രാജ്, എനിക്കിത് നിങ്ങളുടെ ലോക്കറിൽ നിന്ന് കിട്ടി.
നിങ്ങൾ എന്തിനാണ് ട്രോഫി മോഷ്ടിച്ചത്?
നമുക്ക് അവനെ പ്രിൻസിപ്പലിന്റെ ഓഫീസിലേക്ക് കൊണ്ടുപോകാം, അവനെ സസ്പെൻഡ് ചെയ്യണം.
എന്ത്? ഞാനെന്തിന് മോഷ്ടിക്കണം?
എന്തായാലും ഈ ട്രോഫി എനിക്ക് കിട്ടാനുള്ളതാണ്.
നിൽക്ക്! അപ്പോൾ നിന്റെ പർപ്പിൾ തൊപ്പിയും പച്ച ജാക്കറ്റും എവിടെ?
കുറച്ച് ദിവസം മുമ്പ് പരിശീലനത്തിനിടെ എൻ്റെ തൊപ്പി നഷ്ടപ്പെട്ടു.
എനിക്ക് പച്ച ജാക്കറ്റ് ഇല്ല. പച്ച നിറം എനിക്ക് ഒട്ടും ഇഷ്ടമല്ല.
അഹ്ഹ്ഹ്!
സമീർ, നിനക്ക് പച്ച ജാക്കറ്റ് ഇല്ലേ?


ആആ.... നീ എന്റെ മേൽ കുറ്റം ചുമത്താൻ നോക്കുകയാണോ.
വി..വി.. വിക്കി, ആരാണ് നിനെ ഡിറ്റക്ടീവാക്കിയത്?
സമീർ, നിങ്ങൾക്ക് പ്രശ്നമില്ലെങ്കിൽ നിങ്ങളുടെ ലോക്കർ തുറക്കാമോ?
എന്താ? എന്തിനാ എന്റെ ലോക്കർ തുറക്കന്നത്?
അതിൽ ഒന്നുമില്ല.
അവർ അവന്റെ ലോക്കർ തുറന്ന് പച്ച ജാക്കറ്റും തൊപ്പിയും അവന്റെ പുസ്തകങ്ങളും ബാഗും കണ്ടെത്തി.
സമീർ, അത് നീ ആയിരുന്നോ!!!!!!
ഞാൻ വീണ്ടും സിസിടിവി പരിശോധിച്ചു; നീ രാവിലെ അസംബ്ലിയിൽ ഉണ്ടായിരുന്നില്ല. അപ്പോഴാണ് എനിക്ക് സംശയം തോന്നിയത്.
രാജും മറ്റെല്ലാവരും അവിടെ ഉണ്ടായിരുന്നു, ട്രോഫി എടുക്കുന്ന കുട്ടി സമീറിനെപ്പോലെയായിരുന്നു.
ഫ്ലാഷ് ബാക്ക്!
ഇന്നലെ നടന്ന സംഭവങ്ങളിൽ ഞാൻ അസ്വസ്ഥനായിരുന്നു.
എല്ലാവരെയും ശല്യപ്പെടുത്തിയതിന് രാജിനെ ശിക്ഷിക്കണം.
സമീർ, മോഷ്ടിച്ചതിന്റെ കുറ്റം നീ എന്റെമേൽ വെക്കുകയാണോ?
പിന്നെ മിനി, ഞാൻ ട്രോഫി എടുത്തെന്ന് നീ കരുതിയത് എന്തിനാ?


ഞാൻ. ഞാൻ. എന്നോട് ക്ഷമിക്കണം രാജ്.
സമീർ, നീ പറഞ്ഞത് ശരിയാണ്, പക്ഷേ ചെയ്തത് വളരെ മോശമായിപ്പോയി.
രാജിന് ലജ്ജ തോന്നുന്നു.
രാജ്, നീ ഇത്തവണ രക്ഷപ്പെട്ടു, നീ ആരെയെങ്കിലും ശല്യപ്പെടുത്താൻ ശ്രമിച്ചാൽ,
ഞാൻ നിന്നെ നേരിട്ട് പ്രിൻസിപ്പലിന്റെ ഓഫീസിലേക്ക് കൊണ്ടുപോകും.
രാജും മറ്റെല്ലാവരും എന്നോട് ക്ഷമിക്കണം, ഞാൻ ഒരിക്കലും ട്രോഫി മോഷ്ടിക്കാനേ ആഗ്രഹിച്ചിട്ടില്ല.
എന്നോട് ക്ഷമിക്കണം, എന്റെ തെറ്റ് എനിക്ക് മനസ്സിലായി.
രാജ്, സമീർ-അതൊന്നും സാരമില്ല നമ്മൾ ഫ്രണ്ട്സ് അല്ലേ
ഹേയ്! മത്സരത്തിന്റെ കാര്യമെന്തായി?
മത്സരത്തിൽ ആരാണ് വിജയിക്കുന്നതെന്ന് നോക്കാം !!
പ്രശ്നം സോൾവ്ഡ്!


റേസിംഗ് മത്സരത്തിൽ.
മത്സരത്തിൽ രാജിനെ തോൽപ്പിച്ച് സമീർ ട്രോഫി സ്വന്തമാക്കുന്നു.
FINISH
ഹുറേ!
സമീർ, നീ രാജിനെ പാഠം പഠിപ്പിച്ചുവെന്ന് ഞാൻ കരുതുന്നു.
ഇതാണ് അവനെ പഠിപ്പിക്കാനുള്ള ശരിയായ മാർഗം; പക്ഷേ,നിങ്ങൾ ചെയ്ത രീതി തെറ്റായിപ്പോയി.
അതെ വിക്കി നീ പറഞ്ഞത് ശരിയാണ്!
ഞാൻ മത്സരത്തിൽ തോറ്റുപോയി.
പിന്നീട്...
വെൽഡൺ വിക്കി! നിങ്ങൾ പ്രശ്നം പരിഹരിച്ചു. മോഷ്ടിച്ച ട്രോഫിയുടെ പിന്നിലെ യഥാർത്ഥ കള്ളനെ കണ്ടെത്തുകയും ചെയ്തു! കൂടാതെ, ഈ വർഷം നീ മത്സരിക്കുകയും ചെയ്തു! എനിക്ക് നിന്നെയോർത്ത് അഭിമാനിക്കാതിരിക്കാൻ വയ്യ!
താങ്ക്സ്, പഫി! ഡോക്ടറുടെ നിർദേശപ്രകാരം ഞാൻ എന്റെ ഇൻഹേലർ പതിവായി ഉപയോഗിക്കുന്നതുകൊണ്ടാണിത്.
നിഗൂഢതകൾ പരിഹരിക്കുന്നത് രസകരമാണ്, എന്നാൽ അതിലും രസകരമായത് എന്താണെന്ന് നിങ്ങൾക്കറിയാമോ? പരസ്പരം ദയ കാണിക്കുക. യഥാർത്ഥ ട്രോഫി സൗഹൃദമാണ്, അത് ഏത് മത്സരത്തേക്കാളും നിഗൂഢതയേക്കാളും വിലപ്പെട്ടതാണ്. നമുക്കെല്ലാവർക്കും ദയയുടെ ചാമ്പ്യന്മാരാകാം.
ശുഭം.

A Cipla INITIATIVE

breathe free

# TUFFIES

LET'S GO DHAN-TA-DAA!!!

## Calling all Super Parents!

Has your young champion conquered challenges with their unbeatable spirit?

**Get ready to inspire the world!**

Share your child's heroic tale of bravery and victory! Their story could be the lucky one to get featured in the Tuffies comic book, revealing how amazing heroes truly are!

**All you have to do is:**

- Scan the QR code to register
- Fill in all the details
- Write your kid's story
- Accept the consent form

Join us in celebrating the unbeatable spirits of youngsters - Because every challenge they overcome adds a thrilling chapter to their incredible journey!

For further information on how to manage asthma and to know more about Tuffies, visit https://www.breathefree.com/tuffies/

breathefreeworld    Breathefree    @breathefreetv





DISCLAIMER: The content has been developed and designed by (I-realities Technology Private Limited) for Cipla Ltd. This information is for the purpose of awareness only, not intended nor implied to be a substitute for professional medical advice, diagnosis, or treatment. Please consult your doctor/ healthcare professional before starting any treatment/medicine/ inhaler. The CIPLA mark and logo are the sole intellectual property of Cipla Limited.

Note: The story depicted is based on hypothetical cases. Characters and details represented here is purely fictional and is for illustrative purposes only. Not for Actual patients. Do consult your doctor for more information regarding your condition.

SCAN QR CODE TO DOWNLOAD TUFFIES E-COMIC BOOK

# Cipla

## HELPING INDIA **BREATHEFREE***




Do consult your doctor for more information regarding your condition

Disclaimer: The content in this booklet has been developed and designed by (I-realities Technology Private Limited) for Cipla Ltd. Information in this literature is for the purpose of awareness only, not intended nor implied to be a substitute for professional medical advice, diagnosis, or treatment. Please consult your doctor/ healthcare professional before starting any treatment/medicine/ inhaler. Cipla makes every effort to provide information that is accurate and timely but makes no guarantee in this regard. Although great care has been taken in compiling and checking the information, the authors, agency, and its associates or agents, and sponsors shall not be responsible, or in any way liable for any errors, omissions or inaccuracies in this publication whether arising from negligence or otherwise, however, or for any consequences arising therefrom. No part of this may be reproduced, transmitted, or stored in any form or by any means either mechanically or electronically without prior permission. The CIPLA mark and logo are the sole intellectual property of Cipla Limited.

*Cipla helps patients with respiratory conditions breathe free by equipping them with a range of therapeutic solutions like inhalers, spacers, nebulizers, nasal sprays, and syrups.

SCAN TO LEARN
THE CORRECT INHALER TECHNIQUE WITH
breathe free Digital Educator